# അമ്പതാം വർഷത്തിന്റെ ആഘോഷം

## ജോൺമാത്യു

**എ**ഴുപതുകളിൽ ഒരിക്കൽ ഞങ്ങളുടെ ചരിത്ര ക്ലാസ്സിലെ ചർച്ച എങ്ങനെയോ അന്നത്തെ മിഷിഗൻ സെനറ്റർ ആയിരുന്ന ഫിലിപ്പ് ഹാർട്ടിലേക്ക് എത്തിചേർന്നു. ഏതാണ്ട് ഇരുപതോളം വർഷക്കാലം മിഷിഗൻ സംസ്ഥാനത്തെ യു.എസ്. സെനറ്റിൽ പ്രതിനിധീകരിച്ച ഫിലിപ്പ് അലോഷ്യസ് ഹാർട്ട് ഡെമോക്രാറ്റിക്ക് കക്ഷിക്കാരനായിരുന്നു. അദ്ദേഹം രോഗബാധിതനായി ജീവിതത്തിന്റെ അവസാനത്തോടടുത്ത സമയമായിരുന്നതുകൊണ്ടായിരിക്കണം തങ്ങളുടെ പ്രിയങ്കരനായ സെനറ്ററുടെ ജീവിതം പ്രൊഫസർ ഒരു ചർച്ചാവിഷമായിയെടുത്തത്. ഇതെല്ലാം ക്ലാസ്സുകളിൽ സംഭവിക്കുന്നതാണ്. അധികം വിദ്യാർത്ഥികളും, വിശിഷ്യാ, വിദേശത്തുനിന്ന് വരുന്നവർ, ഇങ്ങനെയുള്ള കാര്യങ്ങളിൽ അമിതതാല്പര്യം കാണിക്കാറുമില്ല. എങ്ങനെയും പഠനം മുഴുമിപ്പിച്ച് ഒരു തൊഴിൽ ആയിരുന്നല്ലോ അവർക്ക് വേണ്ടിയിരുന്നത്. അതിനുവേണ്ടി ചരിത്ര ക്ലാസുകളിൽ ഇരുന്ന് ഒരു മൂന്ന് ക്രെഡിറ്റ് ഹവറും!

സെനറ്റർ ഫിലിപ്പ് ഹാർട്ടിന്റെ അനേകം നേട്ടങ്ങളിൽ ഒന്ന് ആയിരത്തിതൊള്ളായിരത്തി അറുപത്തിയഞ്ചിലെ ഇമ്മിഗ്രേഷൻ ആൻഡ് നേഷനാലിറ്റി ബില്ലിന് ന്യൂയോർക്കിലെ ഇമ്മാനുവൻ സെല്ലറുമായി ചേർന്ന് ചുക്കാൻ പിടിച്ചതായിരുന്നു.

അമേരിക്കയിലേക്കുള്ള നമ്മുടെ കൂട്ടമായ കുടിയേറ്റത്തിന്റെ അമ്പതാം വാർഷികത്തെപ്പറ്റി ചർച്ച ചെയ്യുന്ന ഈ അവസരത്തിൽ അതിനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ചവരെ ഒന്ന് ഓർക്കുന്നത് ഉചിതമായിരിക്കും.

ഞങ്ങൾ കുടിയേറ്റത്തിന്റെ ആദ്യത്തെ കുറേ വർഷങ്ങൾ മിഷിഗൻ സംസ്ഥാനത്ത് താമസിച്ചിരുന്നതുകൊണ്ട് സെനറ്റർ ഹാർട്ടിനോട് പ്രത്യേക താല്പര്യം തോന്നി. അന്ന് ആ ക്ലാസ്സിലെ ചർച്ചകൾക്ക് ശേഷമാണ് കുടിയേറ്റ നിയമഭേദഗതിയെപ്പറ്റി കൂടുതൽ വായിക്കാൻ എനിക്ക് അവസരം കിട്ടിയത്.

അതിനുമുൻപ്, 1969 മുതൽ ഇങ്ങനെയൊരു മാറ്റം സംഭവിച്ചു എന്നറിയാമായിരുന്നു. അന്നത്തെ അറിവ് ഒട്ടുമുക്കാലും ട്രാവൽ ഏജന്റുമാർ വഴി ചോർന്നു കിട്ടിയതും. എന്നാൽ നേഴ്സിംഗിൽ യോഗ്യത നേടിയവർക്ക് മുകളിൽ പറഞ്ഞ പശ്ചാത്തലത്തിൽ ധൃതഗതിയിൽ ഇമ്മിഗ്രേഷൻ കിട്ടാനുണ്ടായ കാരണം വിയറ്റ്നാം യുദ്ധംതന്നെ. അന്ന് യുദ്ധം അതിന്റെ മൂർദ്ധന്യതയിൽ ആയിരുന്നല്ലോ.

എന്തായിരുന്നു ഈ നിയമത്തിന്റെ പിന്നിൽ? നേരത്തെയുണ്ടായിരുന്ന ക്വോട്ടാ പുനഃപരിശോധന ചെയ്തുകൊണ്ടുള്ള ഭേദഗതിയായിരുന്നു ഇത്. യൂറോപ്യൻ വംശജർക്ക് മാത്രം അനുവദിച്ചിരുന്ന വീസാ സമ്പ്രദായം മറ്റ് എല്ലാ രാജ്യക്കാർക്കും അവകാശപ്പെട്ടതാക്കി. കൂടാതെ കുടുംബാംഗങ്ങൾക്ക് അതാതു രാജ്യത്തിനുവേണ്ടി അനുവദിക്കപ്പെട്ട പങ്കിനുപരിയായ പരിഗണനയും. നേരത്തെ ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നുമുള്ള കുടിയേറ്റം കർശനമായി നിയന്ത്രിച്ചിരുന്നിടത്താണ് വിപ്ലവകരമായ ഈ നിയമം കൊണ്ടുവന്നത്. അതിനുമുൻപ് വിവിധ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചിരുന്നവർക്കുമാത്രമേ കുടിയേറ്റം അനുവദിച്ചിരുന്നുള്ളൂ. അയിരത്തി തൊള്ളായിരത്തി അറുപത്തിയെട്ട് ജൂൺ മുപ്പതാം തീയതി പ്രസിഡന്റ് ജോൺസൺ ഒപ്പുവെച്ച് ഈ ബിൽ നിയമമായി പ്രഖ്യാപിച്ചു.

രസകരമായ ഒരു നിരീക്ഷണം ഇവിടെ നടത്തട്ടെ. ഇരു കക്ഷികളിലെയും ബഹുഭൂരിപക്ഷം അംഗങ്ങളും ഈ നിയമത്തെ അനുകൂലിച്ച് വോട്ടുചെയ്തു. എന്നാൽ ശക്തമായ ഒരു ന്യൂനപക്ഷം എതിർത്തു. അന്നത്തെ മുന്നറിയിപ്പ് ഒരു നൂറ്റാണ്ടെത്തുമ്പോഴേക്കും വെളുത്ത വർഗ്ഗക്കാർ ഇവിടെ ന്യൂനപക്ഷമായിത്തീരുമെന്നായിരുന്നു. ഒന്ന് തിരിഞ്ഞുനോക്കുക, ഇന്നായിരുന്നു ഇതുപോലൊരു ബിൽ അവതരിക്കപ്പെട്ടിരുന്നെങ്കിൽ അംഗീകാരം നേടുമായിരുന്നോ? 'ഇല്ല' എന്ന് ഞാൻ തീർത്തു പറയുകയാണ്. യാഥാസ്ഥിതികർ പല്ലും നഖവും ഉപയോഗിച്ച് എതിർക്കും, സംശയം വേണ്ട!

പൊടുന്നനെയുണ്ടായ അവസരം ഏറ്റവും അധികം മുതലെടുത്തത് അറുപതുകളിൽ നേഴ്സിംഗ് വിദ്യാഭ്യാസം പൂർത്തിയാക്കിയ മലയാളികൾത്തന്നെ. അറുപതുകളുടെ അവസാനം വളരെ സാവധാനം തുടങ്ങിയ കുടിയേറ്റം എഴുപതുകളുടെ പാതിയെത്തിയപ്പോഴേക്കും ഒരു ഒഴുക്കായി മാറി.

മിഷിഗൻ സംസ്ഥാനത്തിന്റെ പ്രിയങ്കരനായിരുന്ന സെനറ്റർ എഴുപത്തിയാറ് അവസാനത്തോടെ അന്തരിച്ചു. ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നുമുള്ള കുടിയേറ്റക്കാർ എന്നുമെന്നും അദ്ദേഹത്തോട് കടപ്പെട്ടിരിക്കണം.

എൺപതുകളുടെ ആദ്യ വർഷങ്ങളിലെ ഒരു വേനൽക്കാലത്ത് ഞങ്ങൾ മാക്കിനാക്ക് ദ്വീപിലേക്ക് യാത്ര ചെയ്തു. ഐ-സെവന്റിഫൈവ് നോർത്ത്, മിഷിഗൻ സംസ്ഥാനത്തിന്റെ നെറുകയിൽക്കൂടി. മാക്കിനോ, അവിടെനിന്ന് ഉത്തര-ദക്ഷിണ അർദ്ധദ്വീപുകളെ കൂട്ടിയിണക്കുന്ന ഇടുക്കിൽ അഞ്ചു മൈലോളം നീളമുള്ള പാലം. അതിനോടടുത്ത തടാകത്തിലാണ് മാക്കിനാക്ക് എന്ന ചെറിയ ദ്വീപ്. ആ ഐലന്റിൽ മോട്ടോർ വാഹനങ്ങൾക്ക് പ്രവേശനമില്ല. മോട്ടോർ ബോട്ടുവഴി ദ്വീപിൽ എത്തി. പിന്നീടുള്ള യാത്ര കുതിരവണ്ടികളിലും. മാക്ക്നാക്ക് ദ്വീപ് മനോഹരമാണ്, ശാന്ത സുന്ദരമാണ്, ചരിത്രപ്രാധാന്യമുള്ളതാണ്.

ഗൈഡിന് ഏറെ പറയാനുണ്ടായിരുന്നത് മൃദുരോമവസ്ത്രവ്യാപാരിയായിരുന്ന ജോൺ ജേക്കബ് അസ്റ്റിന്റെ കഥകളും. പത്തൊൻപതാം നൂറ്റാണ്ടിന്റെ സമ്പന്നതയുടെ ആവിഷ്ക്കാരമായി പ്രഭികൾക്ക് വേണ്ടിയിരുന്നത് ഫർ കോട്ടുകൾ, അതിന്റെ സ്മാരകമായിരുന്നു മാക്കിനാക്ക് ദ്വീപിലെ 'ആസ്റ്റർ ഹൗസ്.'

യാത്ര തുടർന്നു, ഐലന്റിലുള്ള ഒരു ശ്മശാനത്തിൽ ഞങ്ങളെത്തി. ഒരു ചെറിയ തലക്കല്ലിൽ കൊത്തിവെച്ച പേര് : 'ഫിലിപ്പ് ഹാർട്ടു.' ഏതാനും നിമിഷങ്ങൾ മൗനമായി ഞങ്ങളവിടെ നിന്നു!

—00—